

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 11 Issue 8 August 2025

# ഉള്ളടക്കം

CONTENT


DOCTOR'S CORNER — Role of Therapeutic EUS in Gastroenterology 19

നമുക്കിടയിൽ — അമ്മയ്ക്കും കുഞ്ഞിനും കരുതലായി ജൂബിലി ആയുർവേദ 25

ബലികഴിച്ച് നേടിയ സ്വാതന്ത്ര്യം ..................... 01

ജൂബിലിയിൽ പുതിയ ഗവേഷണ പദ്ധതികൾ ..................... 03

പ്ലാസ്റ്റിക് സർജറി ദിനം ആദരിച്ച് ജൂബിലി ..................... 04

A tribute to Dr. Angela Gnagnadurai ..................... 05

ജൂബിലിയിൽ മെഗാ ഇ.എം. സോണോയും എക്സാം തലോണും .. 07

നൂറോളം ഡോക്ടേഴ്സ് അവതരിപ്പിച്ച ഫ്ളാഷ് മോബ്..................... 08

കെമിക്കൽ ബയോളജി & ഡ്രഗ് ഡിസൈൻ..................... 09

ഓണാട്ടുകര എള്ളെണ്ണ തുടർപഠനങ്ങൾക്കൊരുങ്ങി ജൂബിലി ഗവേഷണ കേന്ദ്രം..................... 11

പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോയെ ആദരിച്ച് ജൂബിലി കുടുംബം..................... 13

ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് ..................... 14

ജൂബിലിയിൽ ORS ദിനാചരണം..................... 16

നൂതനമായ നഴ്സിങ്ങ് സാധ്യതകൾ ..................... 17

സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും ..... 18

മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ച് സൈക്യാട്രി വിഭാഗം ...... 24

കാൻസർ രോഗപ്രതിരോധവും കാരണങ്ങളും ..................... 29

Welcome TO JUBILEE FAMILY 26

DEEP GRATITUDE 27

RESEARCH WINGS JOURNAL CLUB 28



# ബലികഴിച്ച് നേടിയ സ്വാതന്ത്ര്യം

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തെ വിദേശാധിപത്യത്തിൽനിന്ന് 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം നേടിയതിന് ഒരുപാട് രാഷ്ട്രനേതാക്കന്മാരുടെ ജീവൻ ബലി കഴിക്കേണ്ടിവന്നിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ രക്തരഹിത സഹനസമരത്തിലൂടെയാണത് സാധ്യമായത്. അങ്ങനെ നമ്മൾ സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങി സ്വാതന്ത്ര്യാനന്തര സംഘർഷങ്ങളെ ദാരിദ്ര്യവും എല്ലാം അതിജീവിച്ചാണ് ഇന്ത്യ ഇന്ന് ഈ നിലയിൽ എത്തിയത്.

സ്വാതന്ത്ര്യം എന്നത് എനിക്കെന്തും ചെയ്യാനുള്ളതല്ല. എനിക്കുള്ളതുപോലെ അപരനും അതിനുള്ള അവകാശം ഉണ്ടെന്നുള്ളത് മറക്കരുത്. സ്വാതന്ത്ര്യത്തിന് നമ്മൾ വില കൊടുക്കണം.



സ്വാതന്ത്ര്യം അതിന്റെ പൂർണ്ണതയിൽ ജീവിക്കാൻ നാം എന്നും പരിശ്രമിക്കേണ്ടതാണ്.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം 1950-ൽ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പയാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. അതായത് സ്വർഗ്ഗാരോപണ വിശ്വാസം ആദിമസഭയിൽ തന്നെയുണ്ടായിരുന്നു. പരിശുദ്ധ കന്യകാമറിയം ദൈവം കണ്ടെത്തിയ ദൈവകൃപ നിറഞ്ഞവളായിരുന്നു; വചനമായ ഈശോയുടെ അമ്മ. ആ അമ്മ ഈ ഭൂമിയിൽ അഴുകാൻ ഈശോ അനുവദിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടു തന്നെ മാതാവിനെ ഈശോ സ്വർഗ്ഗത്തിലേക്ക് എടുത്തു; പഴയ നിയമത്തിൽ ഹെനോക്കും ഏലിയായും എടുക്കപ്പെട്ടതുപോലെ പാപരഹിതമായ ജീവിതം നയിച്ച് മാതാവിനോടൊപ്പം സ്വർഗ്ഗത്തിലെത്താൻ നമുക്കും പരിശ്രമിക്കാം, പ്രാർത്ഥിക്കാം.

**ഫാ. പോൾ ആലപ്പാട്ട്**

പാസ്റ്ററൽ കെയർ ടീം അംഗം



# ജൂബിലിയിൽ പുതിയ ഗവേഷണ പദ്ധതികൾ

കേന്ദ്രസർക്കാർ ഗവേഷണ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ 2.12 കോടി രൂപയുടെ നാല് പുതിയ ഗവേഷണ പദ്ധതികൾക്ക് ജൂബിലി മെഡിക്കൽ കോളേജിൽ തുടക്കം കുറിച്ചു. ഐ.സി.എം.ആർ., ഡി.ബി.ടി., സി.സി.ആർ.എ.എസ്., ആയുഷ് എന്നിവ തെരഞ്ഞെടുത്ത പദ്ധതികൾ ഗവേഷണ ടീമിന് അനുമതിപത്രം കൈമാറി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഡോ. രാധിക കണ്ണൻ (കമ്മ്യൂണിറ്റി മെഡിസിൻ), ഡോ. വിദ്യ ആർ. നായർ, ഡോ. അപർണ രാജീവ്, ഡോ. ദിലീപ് വിജയൻ (മൂവരും ഗവേഷണ വിഭാഗം) എന്നിവർ പഠനത്തിന് നേതൃത്വം നൽകും. ഹൃദ്രോഗം, ബാക്ടീരിയക്ക് എതിരായ ആയുർവേദ മരുന്നുകൾ, കുട്ടികളിലെ കോളിക് രോഗം, ആയുർവേദത്തിൽ പ്രതിപാദിക്കുന്ന വ്യത്യസ്ത മനുഷ്യപ്രകൃതിയുടെ ജനതിക ഘടന എന്നിവയാണ് പഠന വിഷയങ്ങൾ.

ജൂബിലി ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ റിസർച്ച് ഡയറക്ടർ ഡോ. ഡി.എം. വാസുദേവൻ ആമുഖപ്രഭാഷണം നടത്തി. ജൂബിലി ഡയറക്ടർ ഫാ. ന്നി മുണ്ടൻകുരിയൻ സ്വാഗതവും റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് നന്ദിയും പറഞ്ഞു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, പ്രിൻസിപ്പാൾ ഡോ. എം.എ. ആൻഡ്രൂസ്, ആയുർവേദ വിഭാഗം സീനിയർ ഡോക്ടർമാരായ ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. ശ്രീവത്സ്, ജൂബിലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. സി. വി. ആൻഡ്രൂസ്, ഫാ. സിംസൺ തറയിൽ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.




# ജൂബിലിയിൽ പ്ലാസ്റ്റിക് സർജറി ദിനം

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാസ്റ്റിക് സർജറി – തീപൊള്ളൽ വിഭാഗവും, ജൂബിലിയിലെ ഐ.എം.എ. ബ്രാഞ്ചും കൈരളി പ്ലാസ്റ്റിക് അസോസിയേഷനും സംയുക്തമായി ജൂബിലിയിൽ പ്ലാസ്റ്റിക് സർജറി ദിനം ആചരിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനംചെയ്ത ചടങ്ങിൽ ജൂബിലിയിലെ പ്ലാസ്റ്റിക് സർജറി – തീപൊള്ളൽ വിഭാഗം മേധാവി ഡോ. കെ.എം. പ്രദ്യോത് സ്വാഗതം പറഞ്ഞു. അനസ്തേഷ്യ വിഭാഗം പ്രൊഫസർ ഡോ. സി.വി. ഡേവിസ് അദ്ധ്യക്ഷതവഹിച്ചു. ജൂബിലി നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ മുഖ്യാതിഥിയായിരുന്നു. ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, പ്രിൻസിപ്പാൾ ഡോ. എം.എ. ആൻഡ്രൂസ്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ജൂബിലി ഐ.എം.എ. ബ്രാഞ്ച് സെക്രട്ടറി ഡോ. മുഹമ്മദ് റാഫി, പ്ലാസ്റ്റിക് സർജറി – തീപൊള്ളൽ വിഭാഗം അസോസിയേറ്റ് പ്രൊഫസർമാരായ ഡോ. നവീൻ ഐസക് ജോൺ, ഡോ. ഓം പ്രകാശ് എന്നിവർ ആശംസകൾ നേർന്നു. ബോധവത്കരണത്തിലൂടെ സമൂഹത്തെ ശക്തിപ്പെടുത്തുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു. പ്ലാസ്റ്റിക് സർജറി – തീപൊള്ളൽ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ഹേമങ്ങ് അരവിന്ദ്കുമാർ സാങ്വി നന്ദി പറഞ്ഞു.



# A tribute to Dr. Angela Gnagnadurai...

A legendary leader, a dedicated educator, and a passionate advocate for students, Dr. Angela Gnagnadurai is retiring after 38 years of service, leaving behind a legacy that will continue to inspire and motivate us all. From her early days to her remarkable tenure as our principal, Dr. Angela Gnagnadurai has left an indelible mark on our college.

Dr. Angela was born on 10th July 1965 in Tamil Nadu. She completed her 10th grade from West Tirunelveli Higher Secondary School and 12th grade from Sarah Tucker Higher Secondary School, Tamil Nadu. She pursued her BSc Nursing degree in 1986 and MSc Nursing in 1991 from the College of Nursing, CMC Vellore.



Dr. Angela holds a UICC Fellowship, Post Diploma in Psychological Counselling, PhD in Faculty of Nursing, and several other certifications.

Dr. Angela served as Principal of JMCON for the last 12 years and prior to her role as principal, she was the Vice Principal and Professor, CSI College of Nursing, and Nursing Coordinator at Somerville Memorial CSI Hospital, Karakonam. Throughout her illustrious career, she has received numerous awards and accolades, including the Mery Suralekshini Award for PhD research in 2007 and the Dynergic Asia GCC Award for Excellence and Leadership International.

Dear Dr. Angela....

Your passion, wisdom, and kindness will be deeply missed, but your legacy will continue to inspire us. We're grateful for the time you've spent with us, and we wish you happiness, health, and success in all your future endeavors. Thank you for being an exceptional leader and mentor.




# ജൂബിലിയിൽ മെഗാ ഇ.എം. സോണോയും എക്സാം തലോണും

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 'മെഗാ ഇ.എം. സോണോ 2025' എന്ന പേരിൽ ഇന്ത്യയിൽ ആദ്യമായി നൂറിൽ പരം ഡോക്ടർമാർക്ക് ഒരേസമയം അൾട്രാസൗണ്ടിൽ ലൈവ് ഹാൻഡ്സ്-ഓൺ പരിശീലനം നൽകുന്ന പരിപാടി വിജയകരമായി നടന്നു. എമർജൻസി മെഡിസിൻ മേഖലക്ക് പുറമെ വിവിധ വിഭാഗങ്ങളിലുള്ള ഡോക്ടർമാർ പങ്കെടുത്ത ഈ വർക്ക്ഷോപ്പ് രോഗനിർണ്ണയത്തിനുള്ള നിർണ്ണായകവും അടിയന്തിരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിൽ ഏറെ സഹായകമായി. പരിപാടിയുടെ ഉദ്ഘാടനം ഡൽഹി എയിംസിലെ എമർജൻസി വിഭാഗം പ്രൊഫസറും, ലോകാരോഗ്യ സംഘടനയുടെ 'കൊളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആൻഡ് ട്രോമ'യുടെ സൗത്ത് ഈസ്റ്റ് ഏഷ്യ റീജിയന്റെ ഡയറക്ടറുമായ ഡോ. സഞ്ജീവ് ഭോയി നിർവ്വഹിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി

മുണ്ടൻകുരിയൻ, പ്രിൻസിപ്പാൾ പ്രൊഫ. എം. എ. ആൻഡ്രൂസ്, അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, ഡോ. പി. സി. രാജീവ്, ഡോ. വിജയ് ചഞ്ചൽ എന്നിവർ സംസാരിച്ചു. ഡോ. ഡിയോ മാത്യുവിന്റെ നേതൃത്വത്തിൽ അവസാന വർഷ എം.ഡി. എമർജൻസി മെഡിക്കൽ വിദ്യാർത്ഥികൾക്കായി 'മെഗാ എക്സാം തലോൺ' എന്ന പരീക്ഷാ അനുകരണ പരിപാടിയും കേരളത്തിലെ എമർജൻസി മെഡിസിൻ മേഖലയിലുള്ള നാൽപതിലധികം ഡോക്ടർമാർ പങ്കെടുത്ത 'അസസ്സേർസ് ട്രെയിനിങ്ങ് പ്രോഗ്രാം 2.0' എന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് സെഷനും നടന്നു. അൾട്രാസൗണ്ട് ഇന്ന് അടിയന്തിര രോഗനിർണ്ണയ ഉപാധിയായി മാറിയിരിക്കുകയാണ്. അതിവേഗം ചികിത്സാ തീരുമാനങ്ങൾ എടുക്കുന്നതിന് ഇതിന്റെ പ്രാവീണ്യം അനിവാര്യമാണ്. ഇതുപോലെ വലിയ രീതിയിൽ ഡോക്ടർമാർക്കായി നടത്തുന്ന പരിശീലന പരിപാടികൾ പൊതുജനാരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും.



# നൂറോളം ഡോക്ടേഴ്സ് അവതരിപ്പിച്ച ഫ്ളാഷ് മോബ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടേഴ്സ് ദിനത്തോടുബന്ധിച്ച് നൂറോളം ഡോക്ടർമാർ ചേർന്ന് ഫ്ളാഷ് മോബ് അവതരിപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസോസിയേറ്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.




# നാഷണൽ സിമ്പോസിയം കെമിക്കൽ ബയോളജി & ഡ്രഗ്ഗ് ഡിസൈൻ

'കെമിക്കൽ ബയോളജി ആൻഡ് ഡ്രഗ്ഗ് ഡിസൈൻ' എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാഷണൽ സിമ്പോസിയം സംഘടിപ്പിച്ചു. മൂന്ന് സംസ്ഥാനങ്ങളിൽനിന്നായി തൊണ്ണൂറോളം പേർ ഇതിൽ പങ്കെടുത്തു. ആധുനിക എൻജിനീയറിങ്ങിലൂടെ കാൻസറിനെതിരായി മരുന്ന് വികസിപ്പിക്കുന്നതിനെപ്പറ്റി പരാമർശിച്ചുകൊണ്ട് ഡോ. ടി.ആർ. സന്തോഷ്കുമാർ (ആർ.ജി.സി.ബി. തിരുവനന്തപുരം) പ്രബന്ധം അവതരിപ്പിച്ചു. മൾട്ടിഡ്രഗ് റസിസ്റ്റന്റ് ബാക്ടീരിയക്കെതിരേ മരുന്ന് ഗവേഷണത്തിന് സഹായിക്കുന്ന വിവിധതരം കമ്പ്യൂട്ടർ അധിഷ്ഠിതമായ പഠനങ്ങളെപ്പറ്റി ഡോ. സിനോഷ് സ്കറിയാച്ചൻ (സെന്റ് പയസ് കോളേജ്, കാസർകോട്) പ്രതിപാദിച്ചു. കമ്പ്യൂട്ടേഷണൽ കെമിസ്ട്രിയും ബയോളജിയും എങ്ങനെ മരുന്ന് വികസിപ്പിക്കാൻ ഉപയോഗിക്കാമെന്ന് ഡോ. സുസ്മിത ഡേ









(കാലിക്കറ്റ് യൂണിവേഴ്സിറ്റി) വിശദീകരിച്ചു. ഡോ. ജിതേഷ് കോട്ടൂർ (വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം) ഡോ. രമ്യ ചന്ദ്രൻ (ജൂബിലി, തൃശൂർ) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സിമ്പോസിയത്തിൽ അവതരിപ്പിച്ച 45 പ്രബന്ധങ്ങളുടെ സംക്ഷിപ്ത രൂപം ISBN നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം ജൂബിലി അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര റിസർച്ച് ഡയറക്ടർ ഡോ. ഡി.എം. വാസുദേവന് നൽകി നിർവ്വഹിച്ചു. ഡോ. ദിലീപ് വിജയൻ സ്വാഗതവും ഡോ. പി.ആർ. വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി.

തെരഞ്ഞെടുക്കപ്പെട്ട ആറ് ഗവേഷകർ സിമ്പോസിയത്തിൽ ഉപപ്രബന്ധങ്ങൾ അവതരിപ്പിച്ചു. 32 പേർ തങ്ങളുടെ ഗവേഷണ ഫലങ്ങൾ പോസ്റ്റർ രൂപത്തിലും അവതരിപ്പിച്ചു. ഡോ. ഷൈൻ വി.ജെ. (RGCB, തിരുവനന്തപുരം) മികച്ച പ്രബന്ധ അവതാരകനായി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി ഹിമശ്രീ (ജൂബിലി), ശ്രീമതി പാർവ്വതി ആർ. (കേരള യൂണിവേഴ്സിറ്റി), ശ്രീമതി അമൃത ടി (യെനൊപോയ യൂണിവേഴ്സിറ്റി) എന്നിവർക്ക് പോസ്റ്റർ വിഭാഗത്തിൽ അവാർഡുകൾ ലഭിച്ചു.




# ഓണാട്ടുകര എള്ളെണ്ണ

## തുടർപഠനങ്ങൾക്കൊരുങ്ങി ജൂബിലി ഗവേഷണ കേന്ദ്രം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് പാറ്റന്റ് ലഭിച്ചിട്ടുള്ള ഔഷധഗുണമുള്ള തെക്കൻ കേരളത്തിലെ ഓണാട്ടുകര എള്ളെണ്ണയെപ്പറ്റി തൃശൂരിലെ ജൂബിലി മിഷൻ ഗവേഷണ കേന്ദ്രത്തിൽ തുടർപഠനങ്ങൾ നടത്തും. ഭൗമസൂചിക അടിസ്ഥാനത്തിൽ മൂന്ന് വർഷത്തോളം നടത്തിയ പരിശ്രമഫലമായി 2022-ൽ ഭൗതീക സ്വത്തവകാശ നിയമപ്രകാരം ഓണാട്ടുകര എള്ളെണ്ണക്ക് പേറ്റന്റ് ലഭിച്ചു. പതിനെട്ടാം നൂറ്റാണ്ട് മുതൽ ആയൂർവേദ ചികിത്സയ്ക്കും തുടർന്ന് ഗുണമേന്മ തിരിച്ചറിഞ്ഞ് പലവിധത്തിലും ഇത് ഉപയോഗിച്ചുവരുന്നുണ്ട്. ഒരു പോഷകാഹാരമായും ഭക്ഷണപൂരകമായും ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ ഗുളിക രൂപത്തിൽ വില്പനയ്ക്കെത്തിക്കാനാണ് ഓണാട്ടുകര വികസന ഏജൻസി പരിശ്രമിക്കുന്നത്.

ഓണാട്ടുകര എള്ളെണ്ണ ഉപയോഗിക്കുമ്പോൾ വിഷലിപ്തതയുണ്ടോ, ഏത് അളവിൽ മനുഷ്യ ഉപയോഗത്തിന് സാധിക്കും എന്നിവയാണ് ജൂബിലി ഗവേഷണ കേന്ദ്രത്തിൽ പഠനവിധേയമാക്കുക. സംസ്ഥാന കൃഷിമന്ത്രി അദ്ധ്യക്ഷനായ

ഓണാട്ടുകര വികസന ഏജൻസി, ജൂബിലി ഗവേഷണകേന്ദ്രത്തെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തി. മുഴുവൻ ചിലവും ഏജൻസി വഹിക്കും. വൈസ് ചെയർമാൻ ശ്രീ. എൻ. രവീന്ദ്രൻ ഇതുസംബന്ധിച്ച ഉത്തരവ് ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന് കൈമാറി. ഏജൻസി ചീഫ് ഡവലപ്മെന്റ് ഓഫീസർ ശ്രീ. വി.ആർ. വിനീഷ് ഈ പഠനത്തിന്റെ ആവശ്യകത വിവരിച്ചു. ആദ്യം പരീക്ഷണശാലയിൽ ലഭ്യമായ മനുഷ്യശരീര കോശങ്ങളിലും, തുടർന്ന് എലികളിൽ മൂന്ന് ഘട്ടമായും പഠനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ജൂബിലിയിൽ ഈ പഠനത്തിന് നേതൃത്വം നൽകുന്ന ഡോ. ദിലീപ് വിജയൻ വിശദീകരിച്ചു.

ഇക്കാര്യത്തിൽ ജൂബിലി ഗവേഷണ കേന്ദ്രത്തിനുള്ള മുൻപരിചയം റിസർച്ച് ഡയറക്ടർ ഡോ. ഡി.എം. വാസുദേവൻ വിശദീകരിച്ചു. ജൂബിലി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. പി.ആർ. വർഗ്ഗീസ്, ഓണാട്ടുകര ഏജൻസിയിലെ അഡ്വ. കെ.വി. വിനായക് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.




കെ. യു. എച്ച്. എസ് (കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് ) റിസർച്ച് അപ്പ്രീസിയേഷൻ അവാർഡ് 2024 കരസ്ഥമാക്കിയ വിജയികൾക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ




# പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തെ ആദരിച്ച് ജൂബിലി കുടുംബം

ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ പത്മഭൂഷൺ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തെ ആദരിച്ചു. ചടങ്ങ് ഉദ്ഘാടനംചെയ്ത കല്യാൺ ജ്വല്ലേഴ്സ് എം.ഡി. ടി.എസ്. കല്യാണരാമൻ അദ്ദേഹത്തെ സ്വർണ്ണപതക്കമണിയിച്ചു. ജൂബിലി ഫ്രട്ടേണിറ്റി ചെയർമാൻ സോളി തോമസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷതവഹിച്ചു. എം.എൽ.എ. പി. ബാലചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. തനിക്ക് ഡോ. ജോസ് ഹൃദയ ശസ്ത്രക്രിയ ചെയ്തിട്ടുള്ളതും അദ്ദേഹം അനുസ്മരിച്ചു. ജൂബിലി മിഷൻ ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ജോസ് ചാക്കോ പെരിയപുറം അവയവദാനത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നന്ദി പറഞ്ഞു.




## പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ

# ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ്

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ പ്രസിഡൻഷ്യൽ ആക്ഷൻ പ്ലാൻ 2025-ന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ പീഡിയാട്രിക് ഇ.സി.ജി. ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ അസോസിയേഷൻ ഫോർ പീഡിയാട്രിക്സിന്റെ ജില്ലാ പ്രസിഡന്റ് ഡോ. ഇട്ടൂപ്പ് എ.കെ., ജില്ലാ സെക്രട്ടറി ഡോ. സുനിൽ കുമാർ മേനോൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ഇന്ത്യൻ അസോസിയേഷൻ ഫോർ പീഡിയാട്രിക്സിന്റെ മുൻ നാഷണൽ വൈസ് പ്രസിഡന്റ്

ഡോ. അനന്തകേശവൻ, ജൂബിലിയുടെ മുൻ പീഡിയാട്രിക്സ് വിഭാഗം മേധാവി ഡോ. വിനോദ് ജേക്കബ് ചെറിയാൻ എന്നിവർ സന്നിഹിതരായിരുന്നു. വർക്ഷോപ്പിന്റെ ഓർഗനൈസിങ്ങ് ചെയർമാനും ജൂബിലിയുടെ പീഡിയാട്രിക് വിഭാഗം മേധാവി യുമായ ഡോ. സഞ്ജീവ്കുമാർ ടി.എം. നന്ദി പറഞ്ഞു.

കേരളത്തിലെ പ്രമുഖ പീഡിയാട്രിക് കാർഡിയോളജിസ്റ്റും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റിട്ട. പ്രൊഫസറുമായ ഡോ. സുൽഫിക്കർ അഹമ്മദ് ആയിരുന്നു മുഖ്യ ഫാക്കൽറ്റി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. എഡ്വിൻ ഫ്രാൻസിസും, ജൂബിലിയിലെ കാർഡിയോളജി വിഭാഗത്തിലെ ഡോ. ബിനോ ബഞ്ചമിനും വിവിധതരം ഹൃദയരോഗങ്ങളെക്കുറിച്ചും ജന്മനായുള്ള ഹൃദയവൈകല്യങ്ങളിലെ ഇ.സി.ജി. വ്യതിയാനങ്ങളെക്കുറിച്ചും വിശദമായി ക്ലാസെടുത്തു. തൃശൂർ, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽനിന്നും പീഡിയാട്രീഷ്യന്മാരും പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുമടക്കം എഴുപതോളം ശിശുരോഗവിദഗ്ദ്ധർ ശില്പശാലയിൽ പങ്കെടുത്തു.

## Congratulations!



IATS (indian association of trauma surgeons) ൽനിന്നും 'ബെസ്റ്റ് പ്രസന്റേഷൻ അവാർഡ് ഫോർ എൻഡോസ്കോപ്പി സ്പയിൻ സർജറി' കരസ്ഥമാക്കിയ ഓർത്തോപീഡിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മുഹമ്മദ് ഷെലിനു ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ഡോ. പി.രാഘവൻ മെമ്മോറിയൽ ഗോൾഡ് മെഡൽ ഫോർ ബെസ്റ്റ് തീസിസ്' അവാർഡ് കരസ്ഥമാക്കിയ അനസ്തേഷ്യ വിഭാഗത്തിലെ മൂന്നാം വർഷ പി. ജി. വിദ്യാർത്ഥിനിയായ ഡോ. ആവണി ഫ്രാൻസിസിനു ജൂബിലി കുടുംബത്തിന്റെ അഭിനന്ദങ്ങൾ.



ഇന്റർനാഷണൽ മൺസൂൺ സമ്മിറ്റ് ക്വിസിന്റെ വിജയികളായ ന്യൂറോളജി വിഭാഗത്തിലെ റെസിഡന്റുമാരായ ഡോ. സനലിനും ഡോ. അശ്വതിക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.









# ജൂബിലിയിൽ ORS ദിനാചരണം



ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് ഡിപ്പാർട്ട്മെന്റിന്റെയും സ്കൂൾ ഓഫ് നഴ്സിങ്ങിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജൂലൈ 30ന് വേൾഡ് ഒ. ആർ. എസ്. ദിനം ആചരിച്ചു. കുട്ടികളിലെ വയറിളക്ക രോഗങ്ങൾ പരിഹരിക്കുന്നതിൽ ഒ. ആർ. എസിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അറിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ദിനം ആചരിച്ചത്. പരിപാടിയുടെ ഉദ്ഘാടനം ഡോ. സഞ്ജീവ് കുമാർ നിർവഹിച്ചു. ഡോ. രതി ശാന്തകുമാർ, ഡോ. അപർണ നമ്പൂതിരിപ്പാട്, ഡോ. തോമസ് ആന്റണി, ഡോ. എബിൻ ജോസ്, ഡോ. അനാമിക എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഡോ. നവനീത, ഡോ. അഞ്ജലി, ഡോ. മീര, ഡോ. ദേവി എന്നിവർ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ് വിദ്യാർത്ഥികൾ ഒ.ആർ.എസ്. ലായനിയുടെ പ്രാധാന്യത്തെക്കുറിച്ചും ഒ.ആർ.എസ്. ലായനി തയ്യാറാക്കേണ്ട രീതിയും ലൈവ് ഡെമോൺസ്ട്രേഷനിലൂടെ പൊതുജനങ്ങൾക്ക് വിശദീകരിച്ചു.




# നൂതനമായ നഴ്സിങ്ങ് സാധ്യതകൾ

‘നൂതന നഴ്സിങ്ങ് സാധ്യതകൾ’ എന്ന വിഷയത്തെ സംബന്ധിച്ച് ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ അലുമിനി കൂട്ടായ്മ ഏകദിന അന്തർദേശീയ ശില്പശാല നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ.എയ്ഞ്ചല ജ്ഞാനദുരെ പ്രസ്തുത ശില്പശാലക്ക് സ്വാഗതം ആശംസിച്ചു. പ്രസ്തുത ശില്പശാലയിൽ ഡോ. ജോബിൻസ്, ഡോ. രമേഷ്, ശ്രീ. നൈബിൻ, ശ്രീ. ക്രിസ്റ്റോ, ഡോ. എയ്ഞ്ചല ജ്ഞാനദുരൈ, ഡോ. സി. ട്രീസ ആന്റോ, ശ്രീമതി സിജ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ശില്പശാലക്ക് കോളേജ് അസി. ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, വൈസ് പ്രിൻസിപ്പാൾ ഡോ. സി. ട്രീസ ആന്റോ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.



# സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും

രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും ജൂലൈ 12 നു 9 മണി മുതൽ 1 മണിവരെ നടത്തി. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ്ങ് ഡയറക്ടറും സി.ഇ.ഒ. യുമായ ഡോ. പോൾ തോമസ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ ഹിച്ചു. ജൂബിലി ആയുർവേദ മിഷൻ ആശുപത്രി അസിസ്റ്റന്റ് ഡയ റക്ടർ ഫാ. സിന്റോ കാരേപറമ്പൻ അധ്യക്ഷത വഹിച്ചു. കേരള കാർഷിക സർവകലാശാലയുടെ ഓണററി ഡോക്ടറേറ്റ് ലഭിച്ച




ഡോ. പോൾ തോമസിനെ ചടങ്ങിൽ ആദരിച്ചു. ഫാ. സനോജ് അറങ്ങാശ്ശേരി, ജൂബിലി മിഷൻ ആശുപത്രി ചീഫ് എക്സിക്യൂ ട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ജൂബി ലി ആയുർവേദ കൺസൾട്ടന്റുമാരായ ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. ഹാർവിൻ ജോർജ്ജ് എന്നിവർ സംസാരിച്ചു.




# Role of Therapeutic EUS in Gastroenterology

Endoscopic ultrasound (EUS) was developed in 1980 after modifying a side viewing scope by adding an ultrasound probe at the tip of the scope . Since then, EUS has been continuously evolving and its use has become widely available. EUS was initially used for better characterization of lesions visible during endoscopy, over time, improvements in the device have allowed not only imaging but sampling, injection, and most recently drainage and anastomosis creation of structures within and adjacent to the gastrointestinal tract. These advancements have led to a new era of EUS known as therapeutic EUS.

Therapeutic EUS procedures include drainage procedures (pancreatic fluid collections, gallbladder, pancreatic duct and biliary duct as well as gastrointestinal anastomoses creation gastroenterostomy (GE) and EUS-directed endoscopic retrograde cholangiopancreatography (ERCP).

## EUS-FNB

This procedure is used to collect tissue samples from deep within the digestive tract, pancreas, or surrounding lymph nodes with the help of EUS. EUS-FNB uses specialized needles to



obtain a larger, core tissue sample for histological examination, which is essential for accurate diagnosis and treatment planning of conditions like pancreatic or gastrointestinal tumors.

## EUS guided Biliary drainage

EUS-Biliary drainage has been reported as a salvage technique for failed conventional biliary drainage and also in circumstances in which conventional ERCP is difficult due to an altered anatomy or a ampulla that prevents access into the biliary tree.

**The three forms of EUS – Biliary drainage are**

EUS RV Technique

EUS guided Choledochoduodenostomy

EUS guided Hepaticogastrostomy

EUS (Rendezvous)RV Technique

EUS-RV is indicated in cases where the papilla can be reached but conventional ERCP fails. Here EUS scope is kept in 1st part of duodenum and guidewire passed into the dilated CBD which ultimately is accessed through the papilla. The next step is to remove the EUS scope leaving the guide-wire in place, then a duodenoscope is passed up to the papilla. Finally, the guide-wire is pulled back out the working channel of the duodenoscope for subsequent over-the-wire cannulation.

**EUS guided Choledochoduodenostomy**

This procedure involves tract formation between the duodenal bulb and common bile duct with placement of a SEMS or lumen apposing metal stent (LAMS).

**EUS guided Hepaticogastrostomy**

This procedure involves creating an anastomosis between the lesser curvature of the stomach and a dilated left intrahepatic duct using a partially or fully covered self-expanding metal stent.

**EUS-guided cystogastrostomy**

It is an advanced endoscopic procedure using Endoscopic Ultrasound (EUS) to drain pancreatic fluid collections (PFCs)



like pseudocysts or walled-off necrosis by creating a connection from the stomach or duodenum into the collection. The procedure involves using a EUS to locate the collection, performing a puncture with a needle, and then placing a stent to drain the fluid. This minimally invasive approach is a preferred first-line treatment for symptomatic or infected PFCs, often placing a lumen apposing metallic stent.

## EUS-guided celiac plexus neurolysis

It is a minimally invasive procedure that uses endoscopic ultrasound (EUS) to inject a neurolytic agent, usually absolute alcohol, around the celiac plexus to alleviate chronic abdominal pain from conditions like pancreatic cancer. The procedure offers a targeted and safer approach than percutaneous methods, as EUS provides high-resolution imaging of the celiac axis and allows for real-time monitoring of needle placement to avoid blood vessels.

## EUS-guided gastric varices coiling

Bleeding from a gastric varix is always a nightmare for endoscopists. EUS-guided gastric varices coiling is a minimally invasive procedure using an EUS guided approach, places




hemostatic coils and N-butyl-2-cyanoacrylate (glue) directly into a bleeding or recently bled gastric varix. This technique provides precise guidance, visualizing the varix and confirming

its occlusion with Doppler, and is effective in achieving high technical and clinical success rates with a low rate of major complications like systemic embolization, making it a valuable option for managing bleeding gastric varices.

**EUS-guided RFA**

It is a minimally invasive endoscopic procedure that uses Endoscopic Ultrasound (EUS) to precisely guide a radiofrequency (RF) needle into pancreatic or liver lesions. The RFA energy then generates high heat, causing thermal damage and coagulative necrosis to destroy the targeted neoplastic cells. This technique is a viable alternative for patients who are not surgical candidates and shows promise for treating various pancreatic lesions such as Neuroendocrine tumors and adenocarcinoma.

**EUS-guided gastrojejunostomy**




It is a minimally invasive endoscopic procedure that uses endoscopic ultrasound (EUS) to create a anastomosis between the stomach and the jejunum (part of the small intestine). This technique bypasses a blockage or obstruction, typically in cases of gastric outlet obstruction (GOO), by deploying a lumen-apposing metal stent (LAMS) to establish a new, fully endoscopic gastrojejunal bypass.

**Dr. Jeesemon Jose**
Consultant Gastroenterologist



# കൗമാരപ്രായക്കാരുടെ സ്വഭാവവൈകല്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'കൗമാരപ്രായക്കാരുടെ സ്വഭാവ വൈകല്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു. ഔപചാരിക ഉദ്ഘാടനം കേരള ആരോഗ്യ സർവ്വകലാശാല റിസർച്ച് ഡീൻ ഡോ. കെ.എസ്. ഷാജി നിർവ്വഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, സൈക്യാട്രി പ്രൊഫസർ എമിരിറ്റസ് ഡോ. ജെയിംസ് ടി. ആന്റണി, സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ, അസി. പ്രൊഫസർ ഡോ. ജോമി ചക്കാലക്കുടി എന്നിവർ സന്നിഹിതരായിരുന്നു. കൗമാരക്കാരിലെ സ്വഭാവവൈകല്യങ്ങൾ, ആത്മഹത്യാ പ്രവണത, അക്രമവാസന, സ്കൂളിൽ പോകാനുള്ള വിമുഖത എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ക്ലാസുകൾ നടന്നു. കാരക്കോണം മെഡിക്കൽ കോളേജിലെ പ്രൊഫസർ ഡോ. അനിൽ പ്രഭാകരൻ, കൊച്ചിയിലെ പീജെയ്സ് ന്യൂറോസെന്ററിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. ഫിലിപ്പ് ജോൺ, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് പുന്നൂസ്, തിരുവനന്തപുരം മെന്റൽ ഹെൽത്ത് സെന്ററിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. ഇന്ദു വി. നായർ, പുതുച്ചേരി ജിപ്മറിലെ ഡോ. വികാസ് മേനോൻ എന്നിവർ ക്ലാസുകൾ നയിച്ചു.



# അമ്മയ്ക്കും കുഞ്ഞിനും കരുതലായി ജൂബിലി ആയുർവേദ

അമ്മയാകുക എന്നത് ജീവിതത്തിലെ ഏറ്റവും മനോഹരമായ യാത്രയുടെ തുടക്കമാണ്, ഇതിന് സവിശേഷമായ പരിചരണം അനിവാര്യമാണ്.

ജൂബിലി ആയുർവേദയിൽ, ആയുർവേദ വിജ്ഞാനത്തിൽ അധിഷ്ഠിതമായ സമഗ്രവും ശ്രദ്ധാപൂർവ്വവുമായ ചികിത്സകളിലൂടെ മാതൃത്വത്തിന്റെ ഈ സുന്ദരമായ ഘട്ടത്തിന് പ്രത്യേകമായ കരുതൽ നൽകുന്നു. പ്രസവാനന്തര പരിചരണ ശുശ്രൂഷകൾ, പുതിയ അമ്മമാർക്ക് ശാരീരികവും മാനസികവും വൈകാരികവുമായ പൂർണ്ണ പിന്തുണയോടെ വിശ്രമിക്കാനും ആരോഗ്യം വീണ്ടെടുക്കാനുമുള്ള ഒരു ശാന്തമായ ഇടം പ്രദാനം ചെയ്യുന്നു.

സൗമ്യമായ ചികിത്സകൾ, പോഷകസമൃദ്ധമായ ഭക്ഷണം, വാത്സല്യപൂർവ്വമായ പരിചരണം എന്നിവയിലൂടെ നിങ്ങളുടെ സമഗ്രമായ പരിപാലനം ഞങ്ങൾ ഉറപ്പു വരുത്തുന്നു. ഓർക്കുക, ഒരു അമ്മയെ പരിപാലിക്കുന്നത് അടുത്ത തലമുറയെ പരിപാലിക്കുന്നതിന് തുല്യമാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.

+91 9207655599
website: ayurveda.jmmcri.org

# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Om Prakash | Plastic Surgery |
| Dr. Remya Chandran | JCMR |
| Dr. Noel Joy Alappat | Emergency Medicine |
| Dr. Fabin John Maliyekkal | Ayurveda |
| Ms. Feba Aju James | Audiology and Speech Pathology |
| Mr. Raphy Jose P | Central Purchase |
| Ms. Bilga Babu | JHB Echo / TMT |
| Sr. Reeja M J | Radiology |
| Sr. Bincy M J | Pharmacy |
| Mrs. Rima Rose C J | Pharmacy |
| Ms. Sandra Devassy | Pharmacy |
| Ms. Bijila Jose | Pharmacy |
| Ms.Jees Mariya K Babua | Pharmacy |
| Ms. Sijamol Joseph | Physiotherapy & Rehabilitation |
| Sr. Maria Thomasina | Medical Records |
| Mr. Johns M J | Anaesthesia |
| Mrs.Jimcy M J | Medical Records |
| Mrs. Fini Thankachan | Medical Records |
| Mr. Arun Antony | CSSD |
| Mrs. Jismy Johnson | Medical Records |

## NURSING

Mrs. Soumya James
Mrs. Jajee P J
Mrs. Soja S
Mr. Festy Jose P
Mrs. Sini Andrews
Ms. Anitta Biju
Mrs. Jisy Aphraimkutty
Mrs. Christeena Joshy
Mrs. Nithya Ravi
Mrs. Abitha K S
Mrs. Mariya Christy P P
Sr. Rosy Jasmine R
Mrs. Ashely V K
Mrs. Diya Davis
Mrs. Jenita Jose
Mrs. Anupama K Joy
Ms. Anjaly Krishna
Mrs. Sneha C A
Ms. Rincy Thomas
Ms. Midhula Ajayan
Mrs. Sreenidhi S
Ms. Sneha A T



# Deep Gratitude

Together,
We are the
Patient Experience !

My experience at Hrudayalaya ward was "truly excellent." Beginning from admission to recovery, the doctors, nurses, and staff treated me with warmth, professionalism, and genuine care. I received attentive support at every stage of my treatment, and the entire process in the operation theatre was smooth and reassuring.

Many staff members went above and beyond in their duties, particularly the nurses whose kindness stood out. I express deep gratitude for the team's dedication, skill, and compassion. I note that the team's efforts turned a stressful time into a positive and comforting experience. The high level of care and professionalism that I received at the Hrudayala ward was truly comforting.








RESEARCH WINGS

# JOURNAL CLUB

JCMR organised the 84th Journal club meeting on 17th July, Thursday at New CCM hall. The speaker on the occasion was Dr. Rohini Sebastian, Assistant Professor, Department of Pathology. The topic was based on an article titled "Timely germline BRCA testing after invasive breast cancer contralateral risk-reducing mastectomy and improves survival: an observational retrospective study. Kostov AM et.al Breast Cancer Res Treat. 2025 Jul; 212(2): 309-323.

The article evaluates the effectiveness of how timely germline BRCA testing influences risk reduction surgeries and improves survival among breast cancer patients.

Dr M A Andrews, Dr Shibu C Kallivalappil and Dr Remya Chandran participated in the discussion followed based on creating awareness about the risk reduction surgeries and early treatment strategies in breast cancer.



# കാൻസർ രോഗപ്രതിരോധവും കാരണങ്ങളും

കാൻസർ എന്ന മാരകരോഗം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അസാധാരണ കോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയും, വ്യാപനവും സ്വഭാവസവിശേഷതകളുമുള്ള ഒരു കൂട്ടം രോഗങ്ങളാണ് കാൻസർ. മാറിയ ജീവിതശൈലി തന്നെ ഇതിന് കാരണം. അതുകൊണ്ടുതന്നെ നിത്യജീവിതത്തിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. ജീവിതശൈലി ഘടകങ്ങൾ, ജനിതഘടകങ്ങൾ, പുകയിലയും പുകവലിയും, കെമിക്കൽ എക്സ്പോഷറുകൾ, തൊഴിൽപരമായ ഘടകങ്ങൾ ഇവയെല്ലാം കാൻസറിന് കാരണങ്ങളാണ്. എന്നിവയൊക്കെയാണെങ്കിലും ജീവിതശൈലിയുമായി ബന്ധപ്പെട്ട അല്പകാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

നാം കഴിക്കുന്ന ഭക്ഷണമാണ് ഒട്ടുമിക്ക രോഗത്തിനും കാരണമാകുന്നത്. കാൻസർ രോഗത്തിനും ഒരു കാരണമാണ് ഭക്ഷണരീതികൾ. രാസകീടനാശിനികൾ ചേർത്തുള്ള ആഹാരം, ബേക്കറി ഭക്ഷ്യോൽപന്നങ്ങൾ, മൈദ, അജിനോമോട്ടോ, യീസ്റ്റ്, അപ്പക്കാരം, എണ്ണയിൽ വറുത്ത ആഹാരപദാർത്ഥങ്ങൾ, പഞ്ചസാരയുടെ അമിതോപയോഗം ഇവയൊക്കെ കാരണമാണ്. കാൻസർ കോശങ്ങൾ വളരാൻ പഞ്ചസാര കാരണമാണ്. പകരം

ശർക്കര, കരിപ്പെട്ടി, തെങ്ങിൻ ചക്കര, തേൻ എന്നിവ ഉപയോഗിക്കാം. വിപണിയിലെ ചുവന്ന മുളക് മാറ്റി നാടൻ പച്ചമുളക് ഉപയോഗിച്ചാൽ നല്ലത്.

വിരുദ്ധാഹാരങ്ങൾ ഒഴിവാക്കേണ്ടത് അനിവാര്യം. ഉദാഹരണത്തിന് തൈരും മുട്ടയും, പാൽ, തൈര്, മോര് ഇവ മത്സ്യം, മാംസം ഇവയോട് ചേർത്ത് കഴിക്കുക ഇതൊക്കെ തെറ്റായ രീതികളാണ്. ഹോർമോൺ കൊടുത്ത് വളർത്തുന്ന കോഴിയിറച്ചി, മുട്ട, അമിതമായ മാംസാഹാരം എന്നിവയും കാൻസറിന് കാരണമാകുന്നു. ചില സൗന്ദര്യവർദ്ധക വസ്തുക്കൾ, അന്തരീക്ഷ മലിനീകരണം, ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം, ഗർഭനിരോധന ഗുളികകൾ എന്നിവ കാൻസറിന് കാരണമാകുന്നു. ടി.എഫ്.എം. 70 ൽ കുറഞ്ഞ സോപ്പ് ഉപയോഗിക്കുന്നത് മെലിനോമ എന്ന കാൻസറിന് കാരണമാകുന്നു. ഉപയോഗിക്കുന്ന വെളിച്ചെണ്ണ ശുദ്ധമാണോയെന്ന് ഉറപ്പുവരുത്തുക. ഡിറ്റർജന്റുകൾ ഉപയോഗിക്കുമ്പോൾ വായിലൂടെയും അന്നനാളത്തിലേയും ശ്ളേഷ്മരസത്തെ ബാധിച്ച് കാൻസറിന് കാരണമാകുന്നു.

നമ്മുടെ നാടൻ രീതിയിലുള്ള ഭക്ഷണരീതികളാണ് ഏറ്റവും ഉത്തമം. കടുക് പൊടിക്കുന്നതുമുതൽ അടുക്കളയിൽ ചെയ്തുവരുന്ന ഭക്ഷണരീതിവരെ നമ്മുടെ ആരോഗ്യത്തിനനുസരിച്ചുള്ള ചിട്ടപ്പെടുത്തലുകളായിരുന്നു. നമ്മുടെ തൊടിയിലെ മാങ്ങ, ചക്ക, കൈതച്ചക്ക, പപ്പായ, ചാമ്പ, പേര തുടങ്ങിയ നാടൻ പഴങ്ങൾ കഴിക്കുന്നത് ഉത്തമം. അടുക്കളയിൽ അലുമിനിയം, നോൺസ്റ്റിക്ക് പാത്രങ്ങൾ, ഫൈബർ പാത്രങ്ങൾ എന്നിവ ഒഴിവാക്കിയാൽ നന്ന്.

- നല്ല ഭക്ഷണ രീതികളിലൂടെയും, നമ്മുടെ ഭക്ഷണത്തിൽ നാം ശീലിക്കേണ്ട ചില മാറ്റങ്ങളിലൂടെയും രോഗങ്ങളെ പ്രതിരോധിക്കാം.
- കറിവേപ്പില വിഷാംശത്തെ അകറ്റുന്നു. ദഹനം ക്രമീകരിക്കുന്നു.
- മുത്തിൾ, തഴുതായ്മ എന്നവ ബുദ്ധി വികാസനത്തിനും രക്തയോട്ടം വർദ്ധിപ്പിക്കാനും കിഡ്നി രോഗങ്ങൾ തടയാനും സഹായിക്കുന്നു. ഇവ ഇലക്കറിയായി ഭക്ഷണത്തിൽ ഉൾപ്പെടുത്താം.
- ദഹനം വർദ്ധിപ്പിക്കാനും കഫക്കെട്ട് അകറ്റാനും ഇഞ്ചി വളരെ നല്ലതാണ്.



- രക്തം കട്ടപിടിക്കാതിരിക്കാൻ കുരുമുളക്, പച്ചമുളക്, വെളുത്തുള്ളി ഇവ സഹായിക്കും.
- ഉലുവ അസ്ഥിബലം കിട്ടാൻ നല്ലതാണ്.
- കൃമി, കൊക്കപ്പുഴു എന്നിവയുടെ ഉപദ്രവം മൂലം നഷ്ടപ്പെട്ട കോശത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് കായം സഹായിക്കും.
- 10 ഗ്രാം ശുദ്ധി ചെയ്ത അമുക്കുരം നാടൻ പശുവിന്റെ പാലിൽ കഴിക്കുന്നത് കാൻസർ രോഗപ്രതിരോധനത്തിനും, കാൻസർ ചികിത്സക്കും ഉത്തമമാണ്.

ആരോഗ്യത്തെ മെച്ചപ്പെടുത്തുന്ന നല്ല ഭക്ഷണ രീതികൾ ശീലമാക്കാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ ഒരു പരിധിവരെ രോഗങ്ങളിൽ നിന്ന് മുക്തി നേടാം.

**ഡോ. ഫേബിൻ ജോൺ**
ജൂനിയർ ഡോക്ടർ,
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Mariyam Elizabeth Jerry | Mr. Joshi Paul


"ഇപ്പോൾ മുതൽ സകല തലമുറകളും
എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും."
(ലൂക്കാ1:48)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE